**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലം തകർന്നതിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുളിമാട് പാലം തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കുളിമാട് പാലം നിർമ്മാണ സമയത്ത് ബീം സ്ഥാപിക്കുന്നതിനിടയിൽ മറിഞ്ഞുവീണ സംഭവത്തെ ഗൗരവത്തോടെയാണ് സർക്കാർ കണ്ടത്. സംഭവം നടന്ന ഉടൻ പ്രവൃത്തി നിർവ്വഹണച്ചുമതലയുള്ള കെ.ആർ.എഫ്.ബി. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് വകുപ്പിന് വിവരം നൽകിയിരുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി. വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പാലം തകർന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കുളിമാട് പാലം നിർമ്മാണത്തിനിടെ ബീം സ്ഥാപിക്കുന്നതിനിടെ മറിഞ്ഞുവീണ സംഭവത്തിൽ ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് ശേഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നു. പി.ഡബ്ല്യു.ഡി. വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി.യിൽ നടത്തിയ ശാസ്ത്രീയപരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും ദൃക്സാക്ഷികളുടെ മൊഴിയും ബീം മറിഞ്ഞു വീണ രീതിയും വിശകലനം ചെയ്തതിൽ നിന്നും ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിന് കാരണമെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ശാസ്ത്രീയമായ ഗുണനിലവാര പരിശോധനാറിപ്പോർട്ട് അനുസരിച്ച് ഒന്നാംതല ഗുണനിലവാര |

| | | | |
|---|---|---|---|
| | | | പരിശോധനാഫലവും രണ്ടാംതല ഗുണനിലവാര പരിശോധനാഫലവും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്ന് കാണിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. അപകടത്തിനു ശേഷം ശേഖരിച്ച സാമ്പിളുകളുടെ ശാസ്ത്രീയമായ ഗുണപരിശോധനാഫലവും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്ന് കാണിക്കുന്നുവെന്നാണ് അന്വേഷണത്തിലെ കണ്ടെത്തൽ. അപകടത്തിൽ മൂന്ന് ബീമുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം മേൽനോട്ടത്തിനു ക്രമീകരണം ഏർപ്പെടുത്താത്തതിനു എക്സിക്യൂട്ടീവ് എഞ്ചിനീയറോട്ടും, പ്രവൃത്തിയുടെ പൂർണ്ണമായ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച വരുത്തിയതിന് കാരണക്കാരായ അസിസ്റ്റന്റ് എഞ്ചിനീയറോട്ടും വിശദീകരണം തേടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പി.ഡബ്ല്യൂ.ഡി. വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ട് മടക്കിയയച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിലുള്ള ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ആവശ്യപ്പെടുകയാണ് ചെയ്തത്. |

സെക്ഷൻ ഓഫീസർ